Malappuram District Police

## 29.07.2017 കൊളത്തൂർ

പാങ്ങ് ചേണ്ടിയിൽ പ്രായമായ സ്ത്രീയുടെ മാല പൊട്ടിച്ചോടിയ കേസിൽ കോയമ്പത്തൂർ ഉക്കടം ചക്കിളി തെരുവ് സ്വദേശി മഹാലക്ഷ്മിയെ(27) കൊളത്തൂർ പോലീസ് അറസ്റ്റ് ചെയ്തത്. വ്യാഴാഴ്ച ഉച്ചയ്ക്കായിരുന്നു സംഭവം. ബസ് യാത്രക്കാരിയുടെ മാല പൊട്ടിച്ചതായി ബസിലെ വിദ്യാർഥികളിൽ ചിലർക്ക് സംശയമുണ്ടായിരുന്നു. പാങ്ങ് ചേണ്ടിയിൽ ബസ് നിർത്തിയ ഉടൻ ഇറങ്ങി ഓട്ടോ വിളിച്ച് കോട്ടയ്ക്കൽ ഭാഗത്തേക്ക് രക്ഷപ്പെടാൻ ശ്രമിക്കുമ്പോഴാണ് പിടികൂടിയത്. വിദ്യാർത്ഥികൾ പറഞ്ഞതിനെത്തുടർന്ന് നാട്ടുകാർ ഓട്ടോ ഡ്രൈവറെ ഫോൺചെയ്ത് അറിയിച്ചു. സംഭവം ഓട്ടോ ഡ്രൈവർ അറിഞ്ഞതായി മനസ്സിലാക്കിയ പ്രതി മഹാലക്ഷ്മി കാവതികുളം ഭാഗത്തുവെച്ച് ഓടുന്ന ഓട്ടോയിൽനിന്നുചാടി രക്ഷപ്പെടാൻ ശ്രമിക്കുമ്പോൾ നാട്ടുകാർ പിടികൂടി പോലീസിൽ ഏൽപ്പിച്ചു. രണ്ടരപ്പവൻ തൂക്കമുള്ള സ്വർണമാലയാണ് പൊട്ടിച്ചെടുത്തത്. കൊളത്തൂർ എസ്.ഐ. കെ.പി. സുരേഷ് ബാബുവിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തു. പെരിന്തൽമണ്ണ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു